**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **01-09-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികൾ അടിയന്തരമായി നവീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി പരിവർ ത്തനം ചെയ്ത നിലംപേരൂർ ആശുപത്രി യിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടി ച്ചിട്ടുണ്ട്. കപ്പപ്പറം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾക്കായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. രാമങ്കരി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരിക യുമാണ്.<br><br>കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ട വീയപുരം ആശുപത്രി ആർദ്രം പദ്ധതി അനുശാസിക്കുന്ന രീതിയിൽ പൂർണ്ണ സജ്ജമായി പ്രവർത്തിച്ചുവരുന്നു. ആർദ്രം 3-ാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുള്ള മുട്ടാർ ആശുപത്രിയുടെ വികസനത്തിനായി എൻ.എച്ച്.എം മുഖേന 15.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സാമൂഹികാരോഗ്യകേന്ദ്രം ചമ്പക്കുളം, വെളിയനാട് എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി എൻ.എച്ച്.എം വഴി ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തലവടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി എൻ.എച്ച്.എം മുഖേന 26.90 ലക്ഷം രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. തകഴി പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ള 14 ലക്ഷം രൂപ ഉപയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കാവാലം കുടുംബാരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനായി അനുവദിക്കപ്പെട്ട 15.50 ലക്ഷം രൂപ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.<br><br>സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളായ ചേമ്പുപുറം, എടത്വ എന്നീ സ്ഥാപനങ്ങളിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ എന്നീ പ്രവർത്തികൾ നടന്നുവരുന്നു.<br><br>പുളിങ്കുന്ന് താലൂക്കാശുപത്രിയുടെ വികസനത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 144.06 കോടി രൂപയുടെ പ്രവർത്തനങ്ങൾക്കായി പഴയ കെട്ടിടം പൊളിച്ചുനീക്കൽ, കെട്ടിടത്തിന്റെ പ്ലാൻ അംഗീകാരം, അധിക ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ, കിഫ്ബിയിൽ നിന്നുള്ള സാങ്കേതിക അനുമതികൾ, മറ്റ് അനുമതികൾ എന്നിവ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കുട്ടനാട് നിയോജക മണ്ഡലത്തിലെ സി.എച്ച്.സി വെളിയനാട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാർ, മരുന്ന് എന്നിവയുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പ്രത്യേക നിർദേശം നൽകുമോ? | (ബി) | കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ ഫാർമസിസ്റ്റ് വിഭാഗം ജീവനക്കാരുടെ തസ്തികകൾ ആർദ്രം പദ്ധതിയുടെ ഭാഗമായി സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചി ട്ടുള്ളതുമാണ്.<br><br>കുട്ടനാട്ടിലെ സർക്കാർ ആശുപത്രികൾ ഇൻഡന്റ് മുഖേന ആവശ്യപ്പെട്ട മരുന്നുകളിൽ ദർഘാസ് മുഖേന വിതരണക്കാരെ ലഭ്യമായ എല്ലാ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ഉറപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അവശ്യമരുന്നുകളുടെ ദൗർലഭ്യം ഒഴിവാക്കുന്നതിനായി പ്രസ്തുത മരുന്നുകൾ ലഭ്യമായിരുന്ന ആശുപത്രികളിൽ നിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ മുഖേനയും മരുന്നുകൾ ലഭ്യമാക്കി, മരുന്നിന്റെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ലഭ്യമാകുന്ന ഫണ്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും ഉപയോഗിച്ച് ലോക്കൽ പർച്ചേസ് മുഖാന്തിരം മരുന്നുകൾ വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ